**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5902**

**30.07.2015 - ൽ മറുപടിക്ക്**

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ചോദ്യം
ശ്രീ. പ്രൊഫ. സി രവീന്ദ്രനാഥ്
ഡോ. കെ.ടി ജലീൽ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. പുരുഷൻ കടലുണ്ടി

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)**

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയം നിർമ്മാണ മേഖലയ്ക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

(എ) : മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും കരിങ്കൽ ക്വാറികളിലെ കൂടെക്കൂടെയുള്ള സമരവും നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഇരുമ്പ് ഉരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കംചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞു കൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ചു തന്നെ വേർതിരിച്ച് നീക്കംചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ആഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ, ഖനന മേഖലയിലെ പ്രശ്ന പരിഹാരത്തിനായും സിമന്റിന്റെ വില കുറക്കുന്നതിനായും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.